# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## അന്തിമ രേഖ

### എറണാകുളം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

**എറണാകുളം ജില്ലയിൽ വലിയ കടമക്കുടി – ചാത്തനാട് പാലത്തിൻെറ അനുബന്ധ റോഡ് വികസനത്തിന് വേണ്ടി കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ നിന്നും അധിക ഭൂമി എറ്റെടുക്കൽ**

**05 നവംബർ 2025**

**അർത്ഥാനാധികാരി**

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
**(GIDA)**
ജിഡ റോഡ്, പച്ചാളം, കൊച്ചി : 682012

***ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ***

**സ്പെഷ്യൽ തഹസിൽദാർ,**
**(എൽ.എ NH 3) വൈറ്റില**


സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി,
പിൻ: 683 104
ഫോൺ: 0484 2911330-332/2550785
outreach@rajagiri.edu,
www.rajagirioutreach.in

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതിപ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായ് നടത്തിയ കൂടിയാലോചനകളുടെ സമയവിവരങ്ങളും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്,അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ–സാമ്പത്തിക–സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 അർത്ഥനാധികാരി പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന്പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യപ്രത്യാഘാത ലഘൂകരണത്തിനായിഅർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും,നിർവ്വഹിക്കാമെന്ന് ഉറപ്പ്നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര വിലയിരുത്തലിനുള്ളപദ്ധതി

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

| | |
|---|---|
| 1.3.1 | **ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ** |
| 1.5.1 | പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ |
| 1.6.1 | സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും |
| 3.1.1 | പഠന സംഘം |
| 3.5.1 | പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികൾ |
| 5.1.1 | ഭൂവുടമകൾ, പദ്ധതിബാധിതമായേക്കാവുന്ന വസ്തുവകകൾ |
| 5.6.2. | ഏറ്റെടുക്കുന്ന ഭൂമിയിലെ ഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ |
| 6.1.1. | പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും |
| 6.2.1 | പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെ എണ്ണം |
| 6.2.2. | പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനം |
| 7.6.1. | സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി |







## ചിത്രങ്ങൾ

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും പൊതു ആവശ്യവും

കൊച്ചി നഗരത്തിന് ഏറ്റവും അടുത്തായി സ്ഥിതി ചെയ്യുന്ന കടമക്കുടി 8 ദ്വീപുകൾ അടങ്ങുന്ന ഒരു ദ്വീപസമൂഹമാണ്. സമീപകാലം വരെ കടമക്കുടിയിലെ ജനങ്ങൾ ദ്വീപുകൾക്കിടയിലും ദ്വീപുകൾക്ക് പുറത്തേക്കും സഞ്ചരിക്കുന്നതിന് വഞ്ചികളെയും ബോട്ടുകളെയുമാണ് ആശ്രയിച്ചിരുന്നത്. കടമക്കുടി, ചേന്നൂർ, കോതാട് ദ്വീപ് നിവാസി കൾക്ക് മാത്രമാണ് റോഡിലൂടെ പ്രധാന കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരാനായിരുന്നത്. പിന്നീട് വല്ലാർപാടം അന്തർദേശീയ കണ്ടെയ്നർ ടെർമിനൽ റോഡ് നിലവിൽ വന്ന തോടു കൂടി കടമക്കുടി പഞ്ചായത്തിലെ മൂലംമ്പിള്ളി – പിഴല, കടമക്കുടി –ചാത്തനാട് റോഡ് പദ്ധതിയുടെ ഭാഗമായി മൂലമ്പിള്ളി–പിഴല പാലവും പിഴല കണക്റ്റിവിറ്റി പാലവും കടമക്കുടി –ചാത്തനാട് പാലവും നിലവിൽ വന്നു. ഇനി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പിഴല –കടമക്കുടി പാലങ്ങളുടെയും അനുബന്ധ റോഡുകളുടെയും നിർമ്മാണവും കൂടി പൂർത്തിയായാൽ ഏഴിക്കര, ചാത്തനാട്, പറവൂർ, ചെറായി, മുനമ്പം എന്നീ പ്രദേശങ്ങ ളിൽ നിന്നും മറ്റു വടക്കൻ മേഖലയിൽ നിന്നും കടമക്കുടി –ചാത്തനാട് പാലത്തിലൂടെ നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള റോഡ് വികസനവും യാഥാർത്ഥ്യമാവു മ്പോൾ കണ്ടെയ്നർ റോഡ് മാർഗം എറണാകുളത്തേക്കും നഗരത്തിൻെറ മറ്റു പ്രദേശങ്ങ ളിലേക്കും എത്താനുള്ള ബൈപാസും ദ്വീപു നിവാസികൾക്ക് എല്ലാ ദ്വീപുകളും ബന്ധപെ ടുത്തിയുള്ള റോഡ് ഗതാഗതവും ലഭ്യമാവും.

കടമക്കുടി ദ്വീപ്, ചാത്തനാട് എന്നീ പ്രദേശങ്ങൾ കൊച്ചി നഗരത്തിൽ നിന്നും ഏകദേ ശം 15 കിലോ മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നു. മികച്ച റോഡ് കണക്റ്റിവിറ്റിയും യാത്രാ സൗകര്യങ്ങളുമുള്ള കൊച്ചി നഗരത്തിന് സമീപത്ത് സ്ഥിതി ചെയ്യുന്നു എങ്കിലും മതിയായ റോഡ് വികസനം ഇല്ല. മൂലംമ്പിള്ളി – കടമക്കുടി –ചാത്തനാട് റോഡ് പദ്ധതി യുടെ ഭാഗമായി മൂലമ്പിള്ളി–പിഴല പാലവും പിഴല കണക്റ്റിവിറ്റി പാലവും നിലവിൽ വന്നിട്ടുണ്ട്. കടമക്കുടി –ചാത്തനാട് പാലവും അപ്രോച്ച് റോഡും പൂർത്തിയായിട്ടുണ്ട്.

കടമക്കുടി പാലവും അപ്പ്രോച്ച് റോഡും പൂർത്തിയായപ്പോൾ സമീപവാസികൾക്ക് പ്രധാന റോഡിലേക്കും പാലത്തിലേക്കും കയറുവാനുള്ള അനുബന്ധ റോഡിനായി സ്ഥലം ഏറ്റെടുക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം

കടമക്കുടി –ചാത്തനാട് പാലത്തിന്റെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡിനു ഇരുവശവും ഉള്ള താമസക്കാരെയും കടമക്കുടി പരിസരവാസികളെയും വലിയ കടമക്കുടി –ചാത്തനാട് പാലത്തിലേക്കും പ്രധാന റോഡിലേക്കും ബന്ധപ്പെടുത്താനാകും. പ്രദേശത്തിന്റെ സാമൂഹ്യ–സാമ്പത്തിക വികസനത്തിനും ഏതെങ്കിലും വിധത്തിലുണ്ടായേക്കാവുന്ന പ്രകൃതിക്ഷോഭങ്ങൾ കൈകാര്യം ചെയ്യുന്നതിനും മതിയായ റോഡ് കണക്റ്റിവിറ്റി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

**1.2. സ്ഥലം**

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ 1–ാംവാർഡിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് നിലവിലെ പദ്ധതി പ്രദേശം. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ഭൂരിഭാഗവും ഒരു കുടുംബം താമസിക്കുന്ന ഉപയോഗിക്കുന്ന സ്ഥലം 3.5 സെൻറ് മാത്രം ആണ്

**ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും**

2025 സെപ്റ്റംബർ മാസം 20 തീയതിയിലെ 3366 നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാകളക്ടറുടെ 19.09.2025 തീയതിയിലെ വിജ്ഞാപനം DCEKM/960/2025-C1 പ്രകാരം തഹസിൽദാർ (എൽ.എ) എൻ .എച്ച് നമ്പർ 3, വൈറ്റിലയെയാണ് ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥനായി ജില്ലാ ഭരണ കൂടം അധികാരപ്പെടുത്തിയിരിക്കുന്നത്. എറണാകുളം ജില്ലയിൽ വലിയ കടമക്കുടി – ചാത്തനാട് പാലത്തിന്റെ അനുബന്ധ റോഡ് വികസനത്തിന് വേണ്ടി കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ നിന്നും അധിക ഭൂമി എറ്റെടുക്കുന്നതിനു വേണ്ടി ഏകദേശം (റീസർവെ നമ്പർ 4/5) 0.0152 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ടി വിജ്ഞാപന പ്രകാരമുള്ള ഭൂമി വിവരങ്ങൾ തുടർന്ന് നൽകുന്നു.

**ജില്ല – എറണാകുളം**
**താലൂക്ക് – കണയന്നൂർ**
**വില്ലേജ് – കടമക്കുടി**
**ബ്ലോക്ക് – 1**

**പട്ടിക 1.3.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

| ക്രമനമ്പർ | റീസർവ്വെ നമ്പർ | വിവരണം | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| 1 | 4/5 | പുരയിടം | 0.0152 |

മേൽ സൂചിപ്പിച്ച വിജ്ഞാപനം അനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന ഭൂമി 0.0152 ഹെക്ടർ സ്ഥലം പുരയിടം ആണ്.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡിനു ഇരുവശവും ഉള്ള താമസക്കാരുടെ ഗതഗത ആവശ്യത്തിനായുള്ള റോഡ് വികസിപ്പി ക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് വേണ്ടി മറ്റ് മാർഗങ്ങൾ പരിഗണിച്ചതായ വിവരം ലഭ്യമല്ല.

## 1.5 സാമൂഹ്യപ്രത്യാഘാതങ്ങൾ

നിലവിലുള്ള കടമക്കുടി വരാപ്പുഴ റോഡ് വികസിപ്പിക്കുമ്പോൾ വരാപ്പുഴയിൽ നിന്നു എൻ.എച്ച് 66 ലേക്കും ഗതഗതം. സുഗമമാകും. കടമക്കുടി –ചാത്തനാട് പാലത്തി ലൂടെ വടക്കോട്ട് 7 കിലോമീറ്റർ സഞ്ചരിച്ചു പറവൂർ വച്ചു എൻ.എച്ച് 66ൽ പ്രവേശിക്കു വാനും വടക്കു ഭാഗത്തുള്ള പ്രദേശങ്ങളിലേക്ക് ഗതാഗതം ചെയ്യുവാനും സാധിക്കും. കടമക്കുടി പഞ്ചായത്തിലെ ദ്വീപുകളിലെ ജനങ്ങൾ വിദ്യാഭ്യാസത്തിനും ജോലിക്കും, ചികിത്സക്കും മറ്റും കൊച്ചി നഗരത്തെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ ദ്വീപുകൾ ക്ക് കണക്റ്റിവിറ്റി റോഡുകൾ അനുബന്ധ റോഡുകൾ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. പ്രദേശത്തിൻെറ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും ഏതെങ്കിലും വിധത്തിലുണ്ടാ യേക്കാവുന്ന പ്രകൃതി ക്ഷോഭങ്ങൾ കൈകാര്യം ചെയ്യുന്നതിനും ടി പദ്ധതി വളരെയേറെ പ്രയോജനം ചെയ്യും.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന വസ്തുവകകൾ 1 കുടുംബ ത്തിൻെറ ഉടമസ്ഥത യിലുള്ളതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാ ക്കുന്നു.

ഈ ഭൂവുടമയിൽ നിന്നു 2 ഘട്ടങ്ങളായി നിർദ്ദിഷ്ട റോഡ് നിർമ്മാണത്തിന് വേണ്ടി മുന്നേ ഏറ്റെടുക്കപ്പെട്ടിട്ടുണ്ട്. നിലവിലെ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ പട്ടിക 1.5.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.5.1.: *പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ* | *കുടുംബങ്ങളു ടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| 1 | കൈവശഭൂമിനഷടമാകൽ/അളവ് കുറയൽ | 1 ഭൂവുടമ | പദ്ധതിപ്രദേശത്ത് കൈവശമായ ശ്രീ ജോബ് മണവാളൻെറ ഭൂമി അളവ് കുറയുകയോ ചെയ്യും |
| 2 | വീട് പദ്ധതിബാധിതമാകൽ | ഇല്ല | |
| 3 | വരുമാനം നഷ്ടമാകൽ | ഇല്ല | |
| 4 | കൃഷി നഷ്ടമാകൽ | ഇല്ല | |
| 5 | മറ്റ് നിർമ്മിതികൾ പദ്ധതിബാധിതമാകൽ | 1 ഭൂവുടമ | ചുറ്റുമതിൽ(1) (ഈ ചമയങ്ങളെല്ലാം ഈ പ്രദേശത്ത് ഉണ്ടായിരുന്നു എന്ന് ഭൂവുടമ വ്യക്തമാക്കി) |
| 6 | വൃക്ഷങ്ങൾ നഷ്ടമാകൽ | 1 ഭൂവുടമ | തെങ്ങ് (3), മാവ് (1) അമ്പഴം (1) (ഈ ചമയങ്ങളെല്ലാം ഈ പ്രദേശത്ത് ഉണ്ടായിരുന്നു എന്ന് ഭൂവുടമ വ്യക്തമാക്കി) |
| 7 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം നഷ്ടമാകൽ | ഇല്ല | |
| 3 | കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ | ഇല്ല | |
| 4 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | ഇല്ല | |
| 6 | മതപരമായ വസ്തുവകകൾ പദ്ധതിബാധിതമാകൽ | ഇല്ല | |

| | | | |
|---|---|---|---|
| 7 | ഉപജീവനമാർഗം നഷ്ടമാകൽ | ഇല്ല | |
| 10 | പൊതുസ്വത്ത് പദ്ധതി ബാധിതമാകൽ | ഇല്ല | |
| 11 | പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം പദ്ധതി ബാധിതമാകൽ | ഇല്ല | |
| 12 | വെള്ളക്കെട്ടിനുള്ള സാധ്യത | ഇല്ല | |
| 13 | പരിസര മലിനീകരണം | ഇല്ല | |

***കുറിപ്പ്:*** *മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽ നിന്നും ലഭിച്ചതാണ്; രേഖാപരമായി തെളിവുകൾ പരിശോധിക്കേണ്ടതാണ്.*

### 1.6 ലഘൂകരണ നടപടികൾ

റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ൽ നിന്നും ഏകദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച പോളിസി (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേ ശങ്ങളും പട്ടിക 1.6.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ***ക്രമനമ്പർ*** | ***സാമൂഹ്യ പ്രത്യാഘാതം*** | ***ലഘൂകരണ നടപടി*** |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരി ഹാരം നൽകുക |
| 2 | വീട്, ചുറ്റുമതിൽ, ഗേറ്റ്, വൃക്ഷങ്ങൾ തുടങ്ങിയ ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരി ഹാരവും പുനസ്ഥാപനവും നൽകുക |

ഈ ഭൂവുടമയുടെ ഭൂമി, നിർമ്മാണത്തിനു വേണ്ടി മുന്നേ രണ്ടു പ്രാവശ്യം ഏറ്റെടുക്കപ്പെട്ടിട്ടുള്ളതാണ് എന്നതിനാൽ മൂന്നാമത്തെ ഭൂമി ഏറ്റെടുക്കൽ എന്ന പരിഗണന നൽകേണ്ടതാണ്.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കൊച്ചിയിലെ ദ്വീപുകളുടെ സമഗ്ര വികസനത്തിനു വേണ്ടി നഗരവികസന നിയമ പ്രകാരം രൂപീകൃതമായ ഗോശ്രീ ദ്വീപ് വികസന അതോറിറ്റി **(GIDA)**യാണ് വലിയ കടമക്കുടി –ചാത്തനാട് പാലങ്ങളുടെ അനുബന്ധ റോഡ് വികസന പദ്ധതിയുടെ നിർവ്വാഹകർ. ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 28–ാമത്തെ ജനറൽ കൗൺസിൽ കടമക്കുടി – ചാത്തനാട് പദ്ധതി 4 സ്വതന്ത്ര പദ്ധതികളായി നടപ്പിലാക്കുവാനും ആദ്യഘട്ടമായി കടമക്കുടി –ചാത്തനാട് പാലത്തിൻെറയും അനുബന്ധ റോഡുകളുടെയും നിർമ്മാണം നടപ്പിലാക്കുവാനും തീരുമാനിച്ചു. 17/07/2013 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം കടമക്കുടി –ചാത്തനാട് പാലത്തിൻെറയും അനുബന്ധ റോഡുകളുടെയും നിർമ്മാണത്തിന് ഭരണാനുമതിയും ധനവിനിയോഗ അനുമതിയും ലഭ്യമായിട്ടുണ്ട്.
പിന്നീട് ജിഡയുടെ സെക്രട്ടറി നൽകിയ 22/03/2017 തീയതിയിലെയും 15/05/2018 തീയതിയിലെയും കത്തിൻെറ വെളിച്ചത്തിൽ 6/10/2018 തീയതിയിലെ സർക്കാർ ഉത്തരവ് GO(Rt) No.2574/ 2018/LSGD പ്രകാരം കണക്റ്റിവിറ്റി പാലത്തിൻെറ നിർമ്മാണവും കൂടി ഉൾപ്പെടുത്തി കടമക്കുടി –ചാത്തനാട് പാലത്തിൻെറയും അനുബന്ധ റോഡുകളുടെയും നിർമ്മാണത്തിന് 52 കോടി രൂപയാക്കി ഭേദഗതി വരുത്തി ഭരണാനുമതി നൽകി. തദനുസൃതമായി മൂലമ്പിള്ളി– പിഴല പാലത്തിൻെറയും കടമക്കുടി –ചാത്തനാട് പാലത്തിൻെറയും നിർമ്മാണവും, മൂലമ്പിള്ളി–പിഴല പാലത്തിലെ ട്രാഫിക് ഐലൻറിനും പിഴല ദ്വീപിനുമിടയിൽ പിഴല കണക്റ്റിവിറ്റി പാലത്തിൻെറയും നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡിനു ഇരുവശവും ഉള്ള താമസക്കാർക്കും കടമക്കുടി പരിസരവാസികൾക്കും കടമക്കുടി–ചാത്തനാട് അനുബന്ധ റോഡുകൾ നിർമ്മിച്ചാൽ മാത്രമേ ചാത്തനാട് –കടമക്കുടി പാലത്തിൻെറ പ്രയോജനം ചാത്തനാട്, കടമക്കുടി നിവാസികൾക്ക് ലഭിക്കൂ. കൊച്ചി നഗരത്തിന് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന കടമക്കുടിയിൽ വികസനം എത്തേണ്ട

തുണ്ട്. ആയതിനാൽ ജിഡയുടെ അന്നത്തെ സെക്രട്ടറി കൂടിയായ എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പാലത്തിന് സമീപത്തു നിന്നും നിലവിലുള്ള റോഡ് വരെ 30 മീറ്റർ നീളത്തിൽ അനുബന്ധ റോഡ് നിർമ്മിക്കുന്നതി നുള്ള വിശദമായ പദ്ധതി രേഖ ULCCS Ltd., കോഴിക്കോട് എന്ന ഏജൻസി **06.01.2025** തീയതിയിൽ തയ്യാറാക്കി സമർപ്പിച്ചു. ടി പദ്ധതി രേഖയിൽ പദ്ധതിയുടെ പ്രതീക്ഷിത ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്നത് 52 കോടി രൂപയാണ്.

ചാത്തനാട്-കടമക്കുടി പാലത്തിൻെറ അപ്രോച്ച് റോഡിനു അനുബന്ധമായുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള നിർമ്മാണ ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്ന 52 കോടി രൂപയിൽ അധിക ഭൂമി ഏറ്റെടുക്കുന്നതിനായി ചെലവ് കണക്കാക്കപ്പെട്ടിരിക്കുന്നത്. **06.01.2025** തീയതിയിൽ സർക്കാർ ഉത്തരവ് GO(Rt) No.493/2021/8LSGD പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ജിഡയുടെ സ്വന്തം ഫണ്ടിൽ നിന്ന് ചെലവഴിക്കണമെന്നും ടി ഉത്തരവിൽ പറയുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ അംഗീകൃത ഏജൻസിയായ ULCCS നെയായിരുന്നു പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ULCCS പദ്ധതി നിർവ്വഹണം നടത്തുന്നതിന് അസൗകര്യം അറിയിച്ചതിനാൽ ULCCS നെ പദ്ധതി നിർവ്വഹണത്തിൽ നിന്നും ഒഴിവാക്കികൊണ്ട്, മറ്റൊരു സർക്കാർ അംഗീകൃത ഏജൻസിയെ കണ്ടെത്തി, പൊതുമരാമത്ത് വകുപ്പിൽ നിന്നോ തദ്ദേശ സ്വയംഭരണ വകുപ്പിൻെറ കീഴിലുള്ള എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നോ സാങ്കേതിക അനുമതി നേടി പദ്ധതി നിർവ്വ ഹണം നടത്തുന്നതിന് ജിഡയുടെ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 6/01/2025 തീയതിയിൽ സർക്കാർ ഉത്തരവ് G.O.(Rt)No. 1178/2021/LSGD പ്രകാരം ഭേദഗതി വരുത്തി ഭരണാനുമതി നൽകി. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിൻെറ കീഴിലുള്ള എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്ന് 06/01/2025 തീയതിയിലെ ഉത്തരവ് നമ്പർ LSGD/TS/2022-2023/22790 പ്രകാരം പദ്ധതിക്ക് 52 കോടി രൂപ രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം സെപ്റ്റംബർ 20 തീയതിയിൽ 3366 നമ്പർ ഗസറ്റിലും (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

പ്രദേശത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനും ഏതെങ്കിലും വിധത്തിലുണ്ടാ യേക്കാവുന്ന പ്രകൃതി ക്ഷോഭങ്ങൾ കൈകാര്യം ചെയ്യുന്നതിനും മതിയായ റോഡ് കണക്റ്റിവിറ്റി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

നിർദ്ദിഷ്ട പദ്ധതി രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെയ്ക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2(1) b (i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു താൽപര്യമാണ്.

**2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

വലിയ കടമക്കുടി -ചാത്തനാട് പാലത്തിന്റെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസനത്തിനു വേണ്ടി ഏകദേശം 0.0152 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വന്നേക്കാവുന്നത് എന്ന് എറണാകുളം ജില്ലാ കളക്ടറുടെ 2025 സെപ്റ്റംബർ 19 തീയതിയിലെ DCEKM/960/2025 C1 നമ്പർ 4(1) വിജ്ഞാപനത്തിൽ പറയുന്നു. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1ലെ 4/5 റീസർവ്വെ നമ്പറുകളിലെ ഭൂമിയാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കപ്പെടുന്നത്.

പദ്ധതിയുടെ വിശദമായ പദ്ധതിരേഖ പ്രകാരം 30 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിൽ വീതിയിലുമുള്ള റോഡിനോട് കൂട്ടിച്ചേർക്കുന്നതിനുമാണ് അധിക ഭൂമി ഏറ്റെടുക്കുന്നത്

വലിയ കടമക്കുടി -ചാത്തനാട് പാലത്തിന്റെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് നിർമ്മിക്കുന്നതിനുള്ള നിർമ്മാണ ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്ന 52,000,000/- രൂപയിൽ 06.01.2025 തീയതിയിൽ സർക്കാർ ഉത്തരവ് GO(Rt) No.493/2021/8LSGD പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ജിഡയുടെ സ്വന്തം ഫണ്ടിൽ നിന്ന് ചെലവഴിക്കണമെന്നും ടി ഉത്തരവിൽ പറയുന്നു. പദ്ധതി നിർവ്വഹണ ഏജൻസിയുടെ പേരിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 19/09/2025 തീയതിയിലെ സർക്കാർ ഉത്തരവും (G.O.(Rt)No.1178/2021/LSGD) നിലവിലുണ്ട്.

**2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

നിലവിൽ പൂർത്തീകരിക്കപ്പെട്ട പാലവും നിലവിലുള്ള റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിനു വേണ്ടിയാണ് അധിക ഭൂമി ഏറ്റെടുക്കുന്നത് എന്നതിനാൽ ഇതര മാർഗ്ഗങ്ങളുടെ പരിഗണന അപ്രസക്തമാണ്.


### 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ


ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 28–ാമത്തെ ജനറൽ കൗൺസിൽ വലിയ കടമക്കുടി –ചാത്തനാട് പദ്ധതി 4 സ്വതന്ത്ര പദ്ധതികളായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ കടമക്കുടി പാലത്തിൻെറ അനുബന്ധ റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് അനുബന്ധ റോഡുകളുടെയും നിർമ്മാണത്തിൽ ഉൾപ്പെടുത്തിയാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്.

### 2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ.

പദ്ധതിയുടെ വിശദമായ പദ്ധതിരേഖ പ്രകാരം 30 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിൽ നിർദ്ദിഷ്ട റോഡ് നിർമ്മിക്കുന്നത്. MORTH ലെ പ്രത്യേക നിർദ്ദേശം അനുസരിച്ചാണ് പദ്ധതിയുടെ രൂപരേഖയും പ്രതീക്ഷിത ചെലവും തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന് വിശദമായ പദ്ധതിരേഖ പറയുന്നു.

***ചിത്രം 2.6.1. പദ്ധതിയുടെ രൂപരേഖ***





**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിർമ്മാണ മാലിന്യങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് വിലയിരുത്തുന്നു.

**2.8 ആവശ്യമായ തൊഴിൽ ശക്തി**

പരിശീലനം സിദ്ധിച്ചതും അല്ലാത്തതുമായ തൊഴിലാളികളും ആധുനിക ഉപകരണങ്ങളുമുൾപ്പെടുന്ന തൊഴിൽ ശക്തിയാണ് പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായത്. സർക്കാർ അംഗീകൃത ഏജൻസിയെ കണ്ടെത്തി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ജിഡയുടെ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതായി സർക്കാർ നൽകിയിട്ടുള്ള ഭേദഗതി വരുത്തിയ ഭരണാനുമതിയിൽ പറയുന്നു. അത്പ്രകാരം ജിഡ ഏജൻസിയെ കണ്ടെത്തി കരാർ പ്രകാരം പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കും.

**2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

മൂലമ്പിള്ളി–ചാത്തനാട് പദ്ധതിയുടെ ആദ്യ ഘട്ടങ്ങളായി നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളിൽ മൂലമ്പിള്ളി–പിഴല പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണത്തിനു

വേണ്ടിയും കൂടാതെ മൂലമ്പിള്ളി–പിഴല കണക്റ്റിവിറ്റി പാലം നിർമ്മാണത്തിനു വേണ്ടിയും ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി എറണാകുളം ജില്ലാഭരണകൂടത്തിന് സമർപ്പിച്ചി ട്ടുണ്ട്. പദ്ധതിക്ക് വേണ്ടി 13.02.2020 ൽ മണ്ണ് പരിശോധന നടത്തിയതായി വിശദമായ പദ്ധതി രേഖയിൽ സൂചിപ്പിക്കുന്നു.

### 2.10 ബാധകമായ നിയമങ്ങളും നയങ്ങളും

റോഡ് വികസനത്തിനു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ലെ 4/5 റീസർവ്വെ നമ്പറുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപനം, എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാ രത്തിനും സുതാര്യതയ്ക്കുമുള്ള നയം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കു ന്നതിനുള്ള പോളിസി
- നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008
- തീരദേശ സംരക്ഷണ മേഖലയുടെ മാനദണ്ഡങ്ങൾ
- വിവരാവകാശ നിയമം 2005

# അദ്ധ്യായം 3

## പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ലെ 4/5 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.0152 ഹെക്ടർ സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് കടമക്കുടി പാലത്തിൻെറ അനുബന്ധ റോഡ് വികസനത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ വികസന പദ്ധതിക്കു വേണ്ടി ആവശ്യമുണ്ടായേക്കാം എന്ന് വെളിപ്പെടുത്തിക്കൊണ്ടും ടി സ്ഥല വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടും എറണാകുളം ജില്ലാകളക്ടറുടെ 2025 ജനുവരി 1 തീയതിയിലെ DCEKM/ 960/2025-C1 നമ്പർ വിജ്ഞാപനം 2025 സെപ്റ്റംബർ 19 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ **3366** ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൽ ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം വകുപ്പ് 4 അനുശാസിക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കളമശ്ശേരിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തുന്നതായും നിർദ്ദിഷ്ട വിജ്ഞാപനം വെളിപ്പെടുത്തുന്നു.

അതിനെ തുടർന്ന് പ്രസ്തുത പഠനം നടത്തുന്നതിന് ഇത്തരം പഠനങ്ങൾ നടത്തിയ പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി ഓരോരുത്തർക്കും പ്രത്യേക ചുമതലകൾ നൽകി ഒരു പഠന സംഘത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് രൂപീകരിച്ചു.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലും സാമൂഹ്യ- സാമ്പത്തിക സർവ്വേയിലും അനുഭവസമ്പത്തുള്ള 7 അംഗ സംഘമാണ് കടമക്കുടി പാലത്തിൻെറ അനുബന്ധ റോഡ് വികസനത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് പ്രൊജക്ട് ഡയറക്ടർ ആണ് ചെയർപേഴ്സൺ എന്നനിലയിൽ പഠന സംഘത്തിന് നേതൃത്വം നൽകിയത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

**പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.**

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | മീനകുരുവിള | എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ (SIA unit) | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ &കൺസൾട്ടൻറ് (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 18 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 34 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഡോ.ഫാ.ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 12 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ്ഓഫീസർ, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തനപരിചയം |
| 6 | രഞ്ജിത് കെ യു | ഡി എസ്.എസ് റിസേർച്ച് അസ്സോസിയേറ്റ് | 32 വർഷത്തെ പ്രവർത്തനപരിചയം |
| 7 | ഫിലോമിന കെ എ | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 32 വർഷത്തെ പ്രവർത്തന പരിചയം |

**3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബ ങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകു വാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 26.09.2025 തീയതിയിൽ പദ്ധതി പ്രദേശത്ത് നടത്തിയ പ്രാഥമിക സന്ദർശനത്തിൻെറയും നിരീക്ഷണ ത്തിൻെറയും വെളിച്ചത്തിൽ ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചോദ്യാ വലി തയ്യാറാക്കുകയും പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. പിന്നീട് പ്രസ്തുത ചോദ്യാ വലി ഉപയോഗിച്ച് 26.09.2025 തീയതിയിൽ പഠന സംഘം പദ്ധതി ബാധിതമായ ഭൂമി സന്ദർശിച്ച് പദ്ധതി പ്രദേശത്ത് നിന്ന് ദൂരെ താമസിക്കുന്ന വ്യക്തിയിൽ നിന്നും നിന്ന് വിവരശേഖരണം നടത്തി. പദ്ധതി ബാധിത പ്രദേശത്തെ ജനപ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ എന്നിവരുമായി ആശയ വിനിമയം നടത്തിയതിലൂടെ പദ്ധതിയുടെ പൊതുവും പ്രത്യേകവുമായ ആഘാത വിവരങ്ങൾ പഠനസംഘത്തിന് മനസിലാക്കുവാൻ കഴിഞ്ഞു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എറണാകുളത്തുള്ള ജിഡയുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എറണാകുളം ജില്ലാ കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ഭൂമി ഏറ്റെടുക്കൽ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടു ക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും

പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ലഭിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത്കൊണ്ടും പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഈ കരട് രേഖ തയ്യാറാക്കിയത്. പദ്ധതി ബാധിത കുടുംബത്തിന് മുൻകൂട്ടി നോട്ടീസ് നൽകി കൊണ്ട് ആഘാത ബാധിതനായ ജോബ് മണവാളൻെറ വസതിയിലെ ഹാളിൽ **22.10.2025** തീയതിയിൽ ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിക്കുകയും കരട് രേഖ അവതരിപ്പിക്കുകയും ചെയ്തു. പദ്ധതിബാധിതർക്ക് പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരുന്നു പബ്ലിക് ഹിയറിങ്ങ്. പദ്ധതിക്ക് വേണ്ടി ചുമതലപ്പെട്ടിട്ടുള്ള സ്പെഷ്യൽ തഹസിൽദാറും അർത്ഥനാധികാരിയുടെ പ്രതിനിധിയും പബ്ലിക് ഹിയറിങ്ങിൽ പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുമുള്ള പദ്ധതി ബാധിതൻെറ ചോദ്യങ്ങൾക്ക് മറുപടി നൽകി. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതൻ ഉന്നയിച്ച ആശങ്കകളും അവയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും ഉൾപ്പെടുത്തിയിട്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് അന്തിമമാമാക്കിയത്.

***ചിത്രം 3.2.1. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ***



### 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതി യെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയ തിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധി തരായ ഏക കുടുംബത്തിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവര ശേഖര ണം നടത്തുകയും ചെയ്തു.

### 3.4. വിവര സ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനരേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബത്തിനും പ്രദേശ ത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശത്ത് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബം സന്ദർ ശിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയും സ്ഥലത്തെ പ്രമുഖ വ്യക്തിക ളുമായുള്ള ആശയ വിനിമയത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. പദ്ധതിയു മായി ബന്ധപ്പെട്ട വിവരങ്ങൾ എറണാകുളത്തുള്ള ജിഡയുടെ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എറണാകുളം ജില്ലാ കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ഭൂമി ഏറ്റെടുക്കൽ കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

### *3.5. തൽപ്പരകക്ഷികളുമായ് നടത്തിയ കൂടിയാലോചനങ്ങളുടെ സമയ വിവരങ്ങളും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും*

***പട്ടിക 3.5.1: പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികൾ***

| ക്രമനമ്പർ | പ്രവർത്തനം | തീയതി |
|---|---|---|
| 1. | പദ്ധതിപ്രദേശത്ത് പ്രാഥമിക സന്ദർശനം | **26.09.2025** |
| 2 | അർത്ഥനാധികാരിയുടെ പ്രതിനിധിയൊന്നിച്ച് പദ്ധതി പ്രദേശ സന്ദർശനം | **26.09.2025** |
| 2 | അർത്ഥനാധികാരിയിൽ നിന്ന് വിവരശേഖരണം | **28.09.2025** |
| 3 | പദ്ധതി ബാധിത കുടുംബത്തിൽ സർവ്വെ | **26.09.2025** |
| 4 | പദ്ധതി ബാധിതർക്ക് പബ്ലിക് ഹിയറിങ്ങ് നോട്ടിസ് നൽകൽ | **07.10.2025** |
| 5 | കരട് രേഖ | **18.10.2025** |
| 6 | പബ്ലിക് ഹിയറിങ്ങ് | **22.10.2025** |
| 7 | അന്തിമ രേഖ | **05.11.2025** |

പഠനവുമായി ബന്ധപ്പെട്ട് 22.10.2025 തീയതി പകൽ 2 മണിക്ക് **കടമക്കുടിയിൽ പദ്ധതി പ്രദേശത്തിനു സമീപം ജോബ് മണവാളൻെറ വസതിയിലെ ഹാളിൽ** വച്ച് പബ്ലിക് ഹിയറിങ്ങ് നടത്തി. പബ്ലിക് ഹിയറിങ്ങിനുള്ള അറിയിപ്പ് നോട്ടീസ് മുഖാന്തിരവും ടെലിഫോണിലൂടെയും പദ്ധതി ബാധിതർക്ക് നൽകി.

## 3.5.1. പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം

***വേദി :*** **ജോബ് മണവാളൻെറ വസതി, കടമക്കുടി**
***തീയതി : 22. 10. 2025***
***സമയം : 2 pm***

**വലിയ കടമക്കുടി – ചാത്തനാട് പാലത്തിൻെറ അനുബന്ധ റോഡ് വികസനത്തിന് വേണ്ടി അധിക ഭൂമി എറ്റെടുക്കൽ**

പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായി നടത്തിയ പബ്ലിക് ഹിയറിങ്ങിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)എൻ.എച്ച് നമ്പർ 3 വൈറ്റില കാര്യാലയത്തെ പ്രതിനിധീകരിച്ച് സ്പെഷ്യൽ തഹസിൽദാർ ശ്രീ. അശോക് കുമാർ എ, സീനിയർ ക്ലർക്ക് ഷിബുമോൻ ആർ എന്നിവരും ഗോശ്രീ ഐലൻറ് ഡെവലപ്പ്മെൻറ് അതോറിറ്റിയെ പ്രതിനിധീകരിച്ച് ലെയ്സൺ ഓഫീസർ (എൽ.എ) ശ്രീ തോമസ് എ.ജെ, പദ്ധതിപ്രദേശത്തിൻെറ ജനപ്രതിനിധിയായ ശ്രീ. ബെഞ്ചമിൻ വി.എ എന്നിവരും സന്നിഹിതരായിരുന്നു.

പദ്ധതിബാധിത ഭൂമിയുടെ ഉടമയായ ശ്രീ.**ജോബ് മണവാളന്റെ മകൻ ജോസഫ് മണവാളൻ** എന്നിവരും പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തു.

എസ്.ഐ.എ.യൂണിറ്റായ രാജഗിരി ഔട്ട്റീച്ചിന്റെ ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീ.ബിജു സി.പി., ഡെവലപ്പ്മെന്റ് ഓഫീസർ പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതം പറയുകയും എസ്.ഐ.എ.യൂണിറ്റ് പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ശ്രീ.രഞ്ജിത്ത്.കെ.യു, റിസേർച്ച് അസോസിയേറ്റ്, എസ്.ഐ.എ.യൂണിറ്റ് പഠനത്തിന്റെ കരട് രേഖ അവതരിപ്പിച്ചതിനെ തുടർന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)എൻ.എച്ച് നമ്പർ 3 വൈറ്റില കാര്യാലയ ത്തിന്റെ പ്രതിനിധികളായ സ്പെഷ്യൽ തഹസിൽദാർ ശ്രീ. അശോക് കുമാർ എ, സീനിയർ ക്ലർക്ക് ഷിബുമോൻ ആർ എന്നിവരും ഗോശ്രീ ഐലൻറ് ഡെവലപ്പ്മെന്റ് അതോറിറ്റിയെ പ്രതിനിധീകരിച്ച് ലെയ്സൺ ഓഫീസർ (എൽ.എ) ശ്രീ തോമസ് എ.ജെ, പദ്ധതി പ്രദേശത്തിന്റെ ജനപ്രതിനിധിയായ ശ്രീ. ബെഞ്ചമിൻ വി.എ യും പ്രസ്തുത പഠന റിപ്പോർട്ടിനെക്കുറിച്ചും, ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും, പദ്ധതിയെക്കുറി ച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങൾ പറഞ്ഞു. പദ്ധതിയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഗോശ്രീ ഐലൻറ് ഡെവലപ്പ്മെന്റ് അതോറിറ്റിയെ പ്രതിനിധീകരിച്ച് ലെയ്സൺ ഓഫീസർ (എൽ.എ) ശ്രീ തോമസ് എ.ജെ യും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)എൻ.എച്ച് നമ്പർ 3 വൈറ്റില, സ്പെഷ്യൽ തഹസിൽദാർ ശ്രീ അശോക് കുമാർ എ, മറുപടി പറഞ്ഞു. ശ്രീ.രഞ്ജിത്ത്. കെ.യു, റിസേർച്ച് അസോസിയേറ്റ്, എസ്.ഐ.എ.യൂണിറ്റ് പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് ഔപചാരികമായി കൃതജ്ഞത രേഖപ്പെടുത്തി.

പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും പ്രസ്തുത ചോദ്യങ്ങൾക്ക് സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയത്തിൽ നിന്ന് ലഭിച്ച മറുപടികളും തുടർന്ന് വരുന്ന പട്ടികയിൽ നൽകിയിരിക്കുന്നു

**പട്ടിക 3.5.2: പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടികളും**

## എറണാകുളം ജില്ലയിൽ വലിയ കടമക്കുടി – ചാത്തനാട് പാലത്തിൻെറ അനുബന്ധ റോഡ് വികസനത്തിന് വേണ്ടി കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ നിന്നും അധിക ഭൂമി എറ്റെടുക്കലുുമായി ബന്ധപ്പെട്ട പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് ബന്ധപ്പെട്ട അധികാരികൾ നൽകിയ മറുപടിയും

| അഭിപ്രായം ഉന്നയിച്ച വ്യക്തി | അഭിപ്രായം | ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി |
|---|---|---|
| ജോബ് മണവാളൻ<br><br>ജോബ് മണവാളൻെറ മകൻ ജോസഫ് മണവാളൻ<br><br>4/5<br><br>**സർവ്വെ നമ്പർ** | 3 ഘട്ടങ്ങളിൽ ആയിട്ടാണ് സ്ഥലം ഏറ്റെടുത്തത്. ആദ്യ ഘട്ടങ്ങളിൽ ഏറ്റെടുത്ത സ്ഥലത്തിൻെറ വില ലഭിച്ചു എങ്കിലും മുഴുവൻ സ്ഥലത്തിൻെറ വില ലഭിച്ചിട്ടില്ല<br><br>ആദ്യ ഘട്ടങ്ങളിൽ എറ്റെടുത്തതിൽ 1 സെൻറിൻെറ വില മതിലിന് പുറത്തായതിനാൽ മുൻപുണ്ടായിരുന്ന എഞ്ചിനീയർ ഉൾപെടുത്തിയിട്ടില്ല.<br><br>ഈ സ്ഥലത്തിന് 10 അവകാശികൾ ഉണ്ട്. ഇവിടെ മാർക്കറ്റ് വില 5 ലക്ഷം ഉണ്ട്. റിട്ടയർ ആയി ഇവിടെ വീട് വച്ചു താമസിക്കണം എന്നായിരുന്നു ആഗ്രഹം പക്ഷെ 3 ഘട്ടങ്ങൾ ആയി 71 സെൻറ് സ്ഥലം ഏറ്റെടുത്തു. പുനരധിവാസത്തിനു വേണ്ടി സ്ഥലം നൽകാൻ താൽപ്പര്യം ഉണ്ടായിരുന്നില്ല.<br><br>1 ഏക്കർ 16 സെൻറ് ആണു ഉണ്ടായിരുന്നത് ആദ്യത്തെ 22 സെൻറ് മാത്രം കൊടുക്കുവാനായിരുന്നു താൽപ്പര്യം പ്കഷെ റോഡിനും പുനരധിവാസത്തിനുമായി 71 സെൻറ് 3 ഘട്ടങ്ങളിൽ ആയിട്ടാണ് സ്ഥലം ഏറ്റെടുത്തത്.<br><br>ഇനി അവശേഷിക്കുന്നത് 45 സെൻറ് മാത്രം ആണ്. ഇപ്പോൾ ഇവിടെ താമസിക്കാൻ സൗകര്യമില്ലത്തതിനാൽ കാക്കനാട് 5 സെൻറ് ഭൂമി വാങ്ങി താമസിക്കുന്നു.<br><br>കൊമേഴ്സ്യൽ ആയി രജിസ്റ്റർ ചെയ്യിട്ടില്ലെങ്കിലും ബിഗ് ബ്രദർ, തൊട്ടപ്പൻ എന്നീ സിനിമകൾക്ക് ഷൂട്ടിങ്ങിന് വാടകയ്ക്ക് കൊടുത്തു വരുമാനം കിട്ടിയിരുന്ന സ്ഥലം ആയിരുന്നു. ഭൂമി ഏറ്റെടുത്തപ്പോൾ ആ അവസരങ്ങൾ നഷ്ടപെട്ടു<br><br>കഴിഞ്ഞ ഘട്ടങ്ങളിൽ 1.7 ലക്ഷം ആണ് ഒരു സെൻറിൻെറ വിലയിട്ടത്.കഴിവതും വേഗം സ്ഥലത്തിന് മാർക്കറ്റ് വില അനുസരിച്ച് ന്യായമായ വില ലഭിക്കണം | ഇനി ഏറ്റെടുക്കുന്ന 0.0152 ഹെക്റ്റർ 11(1) നോട്ടിഫിക്കേഷൻ വരുന്ന സമയത്തുള്ള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന നിഷ്കർഷിച്ചിട്ടുള്ള സ്ഥലത്തിൻെറ വില ലഭിക്കും.<br><br>കേരളസംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O(MS)No.485/2015/RD 29/12/2017 29/12/2017 തീയ്യതിയിലെ GO (MS) No.448/2017/RD പ്രകാരവും നഷ്ടപരിഹാരവും പുനഃരധിവാസ പാക്കേജും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പ്രകാരം ഭൂവുടമയ്ക്ക് നൽകേണ്ടതാണ്<br><br>(സ്പെഷ്യൽ തഹസിൽദാർ) |

കേരള സംസ്ഥാനത് ഭൂമി ഏറ്റെടുക്കുന്നതിനു ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O(MS)No.485/2015/RD 29/12/2017 29/12/2017 തീയ്യതിയിലെ GO (MS) No.448/2017/RD പ്രകാരവും നഷ്ടപരിഹാരവും പുനഃരധിവാസ പാക്കേജും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പ്രകാരം ഭൂവുടമയ്ക്ക് നൽകേണ്ടതാണ്

ചിത്രം 3.5.1 രാജഗിരി ഔട്ട്റീച്ച് കടമക്കുടിയിൽ നടത്തിയ പബ്ലിക് ഹിയറിങ്




# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

എറണാകുളം ജില്ലയിലെ കടമക്കുടി പഞ്ചായത്തിലെ വാർഡ് **1** ലാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. കടമക്കുടി വില്ലേജിൽ ബ്ലോക്ക് 1 ൽ ഉൾപ്പെട്ട 4/5 റീസർവ്വെ നമ്പറിൽ നിന്നാണ് പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത്. ഏറ്റെടുക്കപ്പെടുന്ന റീസർ വ്വെ നമ്പറുകളിൽ 1 വസ്തു റവന്യൂ രേഖ പ്രകാരം കരഭൂമിയാണ്. ടി സ്ഥലത്ത് വൃക്ഷങ്ങൾ ഉണ്ടായിരുന്നു എന്നു മനസ്സിലാക്കുന്നു

**ചിത്രം 4.1 പദ്ധതി പ്രദേശത്തിൻെറ മാപ്പ്**




### 4.2.പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നിലവിൽ അധിക ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. കൊച്ചി നഗരത്തിന് സമീപത്ത് സ്ഥിതി ചെയ്യുന്ന കടമക്കുടി പഞ്ചായത്തിൽ ഉൾപ്പെടുന്ന ദ്വീപുകളിൽ ഒന്നാണ് കടമക്കുടി. സമീപകാലം വരെ കടമക്കുടിയിലെ ജനങ്ങൾ ദ്വീപു കൾക്കിടയിലും ദ്വീപുകൾക്ക് പുറത്തേക്കും സഞ്ചരിക്കുന്നതിന് വഞ്ചികളെയും ബോട്ടുക ളെയുമാണ് ആശ്രയിച്ചിരുന്നത്.

കടമക്കുടി, ചേന്നൂർ, കോതാട് ദ്വീപ് നിവാസികൾക്ക് മാത്രമാണ് റോഡിലൂടെ പ്രധാന കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരാനായിരുന്നത്. പിന്നീട് വല്ലാർപാടം ടെർമിനൽ റോഡ് നിലവിൽ വന്നതോടു കൂടി കടമക്കുടി പഞ്ചായത്തിലെ മൂലമ്പിള്ളി ദ്വീപുകൾക്കും റോഡ് കണക്റ്റിവിറ്റി ലഭ്യമായി. മൂലമ്പിള്ളി–ചാത്തനാട് റോഡ് പദ്ധതിയുടെ ഭാഗമായി മൂലമ്പിള്ളി–പിഴല പാലവും പിഴല കണക്റ്റിവിറ്റി പാലവും നിലവിൽ വന്നു എങ്കിലും വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് പാലവുമായി ബന്ധപ്പെടുത്തി നിലവിലുള്ള കടമക്കുടി റോഡിന് മതിയായ വീതി നൽകി വികസിപ്പിക്കണം.

വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് കടമക്കുടി പഞ്ചായത്തിലെ വാർഡ് 1 ൽ നിന്നുമാണ്. എന്നാൽ ടി റോഡ് നിലവിൽ വരുന്നതോടു കൂടി കടമക്കുടി ദ്വീപിനെ വരാപ്പുഴ വഴി വല്ലാർപാടം ടെർമിനൽ റോഡിലേക്കും മറ്റു പ്രധാന റോഡിലേക്കും ബന്ധപ്പെടുത്താനാകും. പദ്ധതി പ്രദേശത്തെ ഭൂവുടമയായ 1 കുടുംബത്തിന് സ്ഥലം നഷ്ടമാകും. വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസിപ്പിക്കുന്നതിലൂടെ കടമക്കുടി ദ്വീപിന് മൊത്തത്തിൽ ദൂരവ്യാപ കമായ പ്രയോജനങ്ങൾ ലഭിക്കും എന്ന് വിലയിരുത്തപ്പെടുന്നു. പ്രദേശത്തിൻെറ സാമൂഹ്യ –സാമ്പത്തിക വികസനത്തിനും ഏതെങ്കിലും വിധത്തിലുണ്ടായേക്കാവുന്ന പ്രകൃതിക്ഷോഭ ങ്ങൾ കൈകാര്യം ചെയ്യുന്നതിനും മതിയായ റോഡ് കണക്റ്റിവിറ്റി ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

2025 സെപ്റ്റംബർ 19–ാം തീയതിയിലെ 3366 നമ്പർ കേരളഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാകളക്ടറുടെ 2025 ജനുവരി 1–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/960/2025-C1 പ്രകാരം കടമക്കുടി റോഡ് വികസനത്തിനു വേണ്ടി ഏകദേശം 0.0152 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പൊതുജനങ്ങൾ ഗതാഗതത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന പഞ്ചായത്ത് റോഡുമായി വലിയ കടമക്കുടി –ചാത്തനാട് പാലത്തെ ബന്ധിപ്പിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

**4.5. പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

വലിയ കടമക്കുടി –ചാത്തനാട് അനുബന്ധ റോഡ് നിർമ്മാണത്തിനു വേണ്ടി രണ്ട് ഘട്ടങ്ങളായി നേരത്തെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. നിലവിലെ പദ്ധതിയായ വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡിൻെറ ഇരുവശവും ഉള്ള താമസക്കാർക്കും കടമക്കുടി പരിസരവാസികൾക്കും വലിയ കടമക്കുടി –ചാത്തനാട് പാലത്തിലേക്ക് ഉള്ള ഗതഗത സൗകര്യത്തിനുള്ള റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി അധിക ഭൂമി ഏറ്റെടുക്കുന്നത്

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ 1–ാംവാർഡിൽ ഉൾപ്പെടുന്ന സ്ഥലമാണ് നിലവിലെ പദ്ധതി പ്രദേശം. കടമക്കുടി വില്ലേജിലെ ബ്ലോക്ക് 1 ലെ 4/5 റീസർവെ നമ്പറിൽ പെട്ട സ്ഥലമാണ് ഏറ്റെടുക്കുന്നത്. റവന്യൂരേഖ പ്രകാരം ഏറ്റെടുക്കപ്പെടുന്ന 4/5 റീസർവെ നമ്പറിലെ സ്ഥലം പുരയിടം വിഭാഗത്തിൽ പെടുന്നതാണ്.

**4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

ഭൂമി പുരയിടം വിഭാഗത്തിൽ പെടുന്നു

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

19.70 ആർ സ്ഥലവും, ഒരു ഓടിട്ട വീടുമാണ് ഭൂവുടമയുടെ കൈവശമുള്ളത്.

**ചിത്രം 4.8.1. ഭൂവുടമക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമി**

| ബ്ലോക്ക് | റീസർവേ നമ്പർ | വിസ്തീർണം |
|---|---|---|
| 1 | 4/5 | 0.0152 ഹെക്റ്റർ |

പദ്ധതിബാധിത ഭൂവുടമയ്ക്ക് പദ്ധതി പ്രദേശത്ത് ആകെ കൈവശമായ ഭൂമിയുടെ അളവ് ചിത്രം 4.8.1ൽ കാണിച്ചിരിക്കുന്നു. ഉടമയുടെ സ്ഥലത്ത് ആൾതാമസമില്ലാത്ത പഴയ വീടുണ്ട്. കുടുംബങ്ങൾ താമസിക്കുന്ന വീടുകൾ ഒന്നും തന്നെ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കൾ സർവ്വേയിൽ നൽകിയ വിവരമനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന സ്ഥല ങ്ങളിൽ കഴിഞ്ഞ 3 വർഷക്കാലമായി യാതൊരു വിധ കൈമാറ്റവും നടന്നിട്ടില്ല.

# അദ്ധ്യായം 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ളകണക്ക്

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1ലെ 4/5 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.0152 ഹെക്ടർ സ്ഥലം വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് വികസന പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് പ്രത്യക്ഷ ആഘാത ബാധിതർ മാത്രമാണ് ഉള്ളത് എന്ന് മനസിലാക്കുന്നു.

#### 5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരാകുന്ന ഒരു കുടുംബത്തിൻെറ പേരുവിവരങ്ങളും ആഘാത ബാധിതമാകുവാൻ ഇടയുള്ള വസ്തുവകകളുടെ വിവരങ്ങളും പട്ടിക 5.1.1.–ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമ, പ്രത്യാഘാത ബാധിതമായേക്കാവുന്ന വസ്തുവകകൾ**

| ക്രമ നമ്പർ | പേര്, വിലാസം, ഫോൺ നമ്പർ | സർവെ നമ്പർ | ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ അളവ് (ആർ) | നഷ്ടങ്ങൾ |
|---|---|---|---|---|
| 1 | ജോബ് മണവാളൻ,<br>വാർഡ് 1<br>കടമക്കുടി | 4/5 | 0.0152 | സ്ഥലം, (വൃക്ഷങ്ങൾ, ചുറ്റുമതിൽ ഉണ്ടായിരുന്നു എന്ന് ഭൂവുടമ സാക്ഷ്യപ്പെടുത്തുന്നു) |

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശം വനഭൂമിയല്ല. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട കുടുംബങ്ങൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

പൊതു ജനങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതു സൗകര്യങ്ങൾ ഒന്നും ഏറ്റെടുക്കുന്ന പ്രദേശത്തില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇത്തരം കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് ഇല്ല.

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി പ്രദേശം നഗരപ്രദേശമല്ല.

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ബാധകമല്ല

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പദ്ധതിക്ക് പരോക്ഷ ആഘാത ബാധിതരില്ല.

***പട്ടിക 5.6.2: ഏറ്റെടുക്കുന്ന ഭൂമിയിലെ ഫലദായകവും അല്ലാത്തതുമായ വസ്തുക്കൾ***

| ക്രമ നമ്പർ | റിസർവ്വെ നമ്പർ | പ്രത്യേക വസ്തുക്കളുടെ വിവരങ്ങൾ |
|---|---|---|
| 1 | 4/5 | ചുറ്റുമതിൽ, തെങ്ങ്(3), മാവ് (1) അമ്പഴം 1 (ഉണ്ടായിരുന്നു എന്ന് ഭൂവുടമ സാക്ഷ്യപ്പെടുത്തുന്നു) |

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ഛാത്തലം (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

പദ്ധതിബാധിത കുടുംബത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യ വത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതി പ്രദേശത്ത് ഒരു ഭൂവുടമയുടെ ഭൂമി പുരയിടമാണ്. കുടുംബത്തിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

**പട്ടിക 6.1.1. പദ്ധതി ബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും**

| *പ്രായം* | *പുരുഷന്മാരുടെ എണ്ണം* | *സ്ത്രീകളുടെ എണ്ണം* |
|---|---|---|
| 0-18 | 2 | 2 |
| 18-30 | | 2 |
| 30-45 | 2 | 0 |
| 45-60 | | |
| 60-75 | 1 | 1 |
| **ആകെ** | **5** | **5** |

പദ്ധതിബാധിത പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബത്തിന്റെ ആകെ ജനസംഖ്യയായ 10ൽ 5 പുരുഷൻമാരും 5 സ്ത്രീകളുമുണ്ട്. ടി കുടുംബങ്ങളിൽ 18 വയസിൽ താഴെ പ്രായമുള്ള 1 ആൺകുട്ടിയും 1 പെൺകുട്ടിയുമുണ്ട് 18നും 30 നും ഇടയിൽ പ്രായമുള്ള 2 പുരുഷന്മാരും 2 സ്ത്രീകളുമുണ്ട്. 60 വയസിനു മുകളിൽ പ്രായമുള്ള 1 പുരുഷനും 1 സ്ത്രീയും പദ്ധതി ബാധിത കുടുംബങ്ങളിൽ ഉള്ളത്.

**6.1. a. പദ്ധതിബാധിത കുടുംബങ്ങളുടെ മതവും സാമൂഹ്യ വിഭാഗവും**

പദ്ധതി ബാധിതരാകുന്ന കുടുംബം ക്രിസ്തുമതത്തിലുള്ളവർ ആണ്.

**6.2. വരുമാനവും ദാരിദ്ര്യതലവും**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂമിയുടെ ഉടമയായ 1 കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് എസ്.ഐ.എ. പഠനത്തിന്റെ ഭാഗമായി നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ ലഭ്യമായ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്. പദ്ധതി ബാധിത കുടുംബത്തിലെ 4 പേർ മാത്രമാണ് വരുമാനദായകരായിട്ടുള്ളത് ശേഷിക്കുന്ന 6 അംഗങ്ങൾ ആശ്രിതരാണ്.

***പട്ടിക 6.2.1 പദ്ധതിബാധിത കുടുംബത്തിലെ വരുമാനദായകരുടെ എണ്ണം***

| *വരുമാനദായകരുടെ എണ്ണം* | *കുടുംബങ്ങളുടെ എണ്ണം* |
|---|---|
| 4 | 6 |

പദ്ധതിബാധിത കുടുംബത്തിലെ വരുമാനദായകരുടെ എണ്ണം കണക്കിലാക്കുമ്പോൾ ഈ കുടുംബത്തിൽ വരുമാനദായകരായിട്ടുള്ള 4 അംഗങ്ങളാണുള്ളത്.

***ചിത്രം 6.2.1. പദ്ധതിബാധിത കുടുംബത്തിലെ പ്രധാന വരുമാന മാർഗം***

സർവെയിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതമാകുന്ന 1 ***കുടുംബത്തിലെ*** ഐ.ടി മേഖലയിൽ ജോലി പ്രധാന വരുമാനമാർഗമാണ്. 3 പേർ ഐ.ടി മേഖലയിൽ ജോലി ചെയ്യുന്നു ഭൂവുടമയായ കുടുംബനാഥൻ ജോബ് റിട്ടയേഡ് ബാങ്ക് ഉദ്യോഗസ്ഥനും പെൻഷനറും ആണ്.

***പട്ടിക 6.2.2. പദ്ധതിബാധിത കുടുംബ ത്തിലെ മാസവരുമാനം***

| *മാസവരുമാനം* | *കുടുംബങ്ങളുടെ എണ്ണം* |
|---|---|
| 30,000 രൂപയ്ക്കും 35,000 രൂപയ്ക്കും ഇടയിൽ | 2 |
| 40,000 രൂപയ്ക്കും 45,000 രൂപയ്ക്കും ഇടയിൽ | 2 |
| **ആകെ** | **4** |

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിത കുടുംബത്തിൽ 4 കുടുംബാംഗങ്ങൾക്കും 30000 രൂപയ്ക്കും 45,000 രൂപയ്ക്കും ഇടയിൽ ആണ് മാസവരുമാനം.

***പട്ടിക 6.2.3:* പദ്ധതിബാധിത കുടുംബത്തിന് ലഭ്യമായിട്ടുള്ള റേഷൻ കാർഡിൻെറ വിവരങ്ങൾ**

| റേഷൻകാർഡിൻെറ നിറം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| വെള്ള | 1 |

പദ്ധതി ബാധിതരായ കുടുംബത്തിന് വെള്ള നിറത്തിലുള്ള റേഷൻ കാർഡ് ആണ് ഉള്ളത്

## 6.3. ദുർബലജനവിഭാഗം

പദ്ധതിബാധിത കുടുംബത്തിൽ 18 വയസിൽ താഴെ പ്രായമുള്ള 2 കുട്ടികളും 60 വയസിനു മുകളിൽ പ്രായമുള്ള 2 വയോജനങ്ങളും ഉണ്ട്.

## 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതി ബാധിത ഭൂമി പുരയിടമാണ്. തെങ്ങുകൾ മാവുകൾ എന്നിവയാണ് നിലവിൽ ഉണ്ടായിരുന്നത്. പദ്ധതി ബാധിത ഭൂമിയിൽ കായ്ഫലമുള്ള 3 തെങ്ങുകളും ഒരു മാവും ഒരു അമ്പഴവും ഉണ്ടായിരുന്നു

## 6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

മത്സ്യ ബന്ധനം ഒഴികെ പദ്ധതി ബാധിത പ്രദേശത്ത് മറ്റു സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും നിലവിലില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

സമീപ പ്രദേശങ്ങളിലെ നിലങ്ങളിൽ പൊക്കാളി നെൽകൃഷി, മത്സ്യകൃഷി, ചെമ്മീൻ കൃഷി എന്നിവ ഒരുകാലത്ത് പ്രദേശത്തെ പ്രധാന ഉപജീവനമാർഗങ്ങളായിരുന്നു ഇവ എങ്കിലും നിലവിൽ പദ്ധതി ബാധിതമാകുന്ന കുടുംബം മറ്റ് മാർഗങ്ങളെയാണ് ഉപജീവനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് എന്ന് മനസിലാക്കുന്നു. നിലവിൽ കുടുംബം തൊഴിലെടുക്കാനുള്ള സൗകര്യാർത്ഥം നഗരത്തിൽ ആണു താമസിക്കുന്നത്.

## 6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തിന് സമീപം ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടന കൾ ഉള്ളതായി കണ്ടില്ല. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഒന്നും ഏറ്റെടുക്ക ലിൽ ഉൾപ്പെട്ടിട്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതി ബാധിത പ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല. ആയതിനാൽ ഭരണസംഘടനകളുടെ വസ്തുവകകൾ ഒന്നും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതിബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല

### 6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കൊച്ചിയുടെ സമീപ പ്രദേശത്തെ കടമക്കുടി ദ്വീപ് കൊച്ചി നഗരത്തിൽ നിന്നും ഏകദേശം 9 കിലോമീറ്റർ ദൂരത്തിലും മികവുറ്റ രീതിയിൽ ബന്ധിപ്പിക്കപ്പെട്ടിട്ടുള്ള എറണാകുളത്തെ ദ്വീപായ മൂലമ്പിള്ളിയിൽ നിന്നും 5 കിലോമീറ്റർ മീറ്റർ ദൂരത്തും വരാപ്പുഴയിൽ നിന്നും 5 കിലോമീറ്റർ സ്ഥിതി ചെയ്യുന്നു. ഇവിടത്തെ ജനങ്ങൾ വർഷ ങ്ങളായി വരാപ്പുഴ വഴി കൊച്ചി നഗരത്തിലേക്കെത്തിച്ചേരുവാൻ സ്വകാര്യ വാഹനങ്ങളും വിരളമായുള്ള പൊതുവാഹന സൗകര്യങ്ങളും ആശ്രയിക്കുന്നു.

മൂലമ്പിള്ളി–ചാത്തനാട് പദ്ധതിയുടെ ഭാഗമായി മൂലമ്പിള്ളി–പിഴല പാലവും, മൂലമ്പിള്ളി –പിഴല കണക്റ്റിവിറ്റി പാലവും കടമക്കുടി–ചാത്തനാട് പാലവും നിലവിൽ വന്നു എങ്കിലും പാലങ്ങൾ വന്നു ചേരുന്ന റോഡുകൾ ഗതാഗതത്തിന് പൂർണമായി അനുയോ ജ്യമല്ല. വരാപ്പുഴയിൽ നിന്നും കടമക്കുടിയിലേയ്ക്കുള്ള പ്രധാന റോഡുകൾ സഞ്ചാര യോഗ്യമായതോടേ നിലവിൽ കടമക്കുടി വികസനത്തിൻെറ പാതയിലാണ്. ആയതി നാൽ പദ്ധതി പ്രദേശത്തിൻെറ വികസന പ്രകിയയെ അനുകൂലമായി ബാധിക്കുന്നുണ്ട്. ധാരാളം ടൂറിസ്റ്റുകളും എത്തുന്നുണ്ട്

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

കൊച്ചി നഗരത്തിന് അടുത്ത് സ്ഥിതി ചെയ്യുന്നു എങ്കിലും കടമക്കുടി ദ്വീപ് നിലവിൽ ഒറ്റപ്പെട്ട അവസ്ഥയിലാണ്. പദ്ധതി മൂലം ജനങ്ങളുടെ സഞ്ചാരവും പ്രദേശത്തെ ഗതാഗതവും, സുഗമമാകുകയും വിനോദസഞ്ചാര സാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. ആയതിനാൽ പദ്ധതി മൂലം പ്രദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടും.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

ആദ്യഘട്ടത്തിൽ 26.09.2025 തീയതിയിൽ പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബത്തിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവര ശേഖരണം നടത്തി ചോദ്യാവലി സ്ഥിരീകരിച്ചു. തുടർന്ന് 26.09.2025 തീയതിയിൽ പഠന സംഘം നിർദ്ദിഷ്ട ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിതരിൽ നിന്ന് വിവരശേഖരണം നടത്തി.

പഠനത്തിൻെറ അടുത്ത ഘട്ടമായി പദ്ധതി ബാധിത കുടുംബത്തിനും ജനപ്രതിനിധികൾക്കും അറിയിപ്പ് നൽകികൊണ്ട് കടമക്കുടിയിലെ പദ്ധതി പ്രദേശത്തിനു സമീപം ജോബ് മണവാളൻെറ വസതിയിലെ ഹാളിൽ വച്ച് 22.10.2025 തീയതിയിൽ പകൽ 2.00 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻെറയും അർത്ഥനാധികാരിയുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്ന ടി പബ്ലിക് ഹിയറിങ്ങ് പദ്ധതി ബാധിതർക്ക് പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചുമുള്ള സംശയങ്ങളും ആശങ്കകളും ദൂരീകരിക്കുന്നതിനുള്ള ഒരു വേദിയായിരുന്നു.

## 7.2 ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

വലിയ കടമക്കുടി -ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ലെ 4/5 റീസർവ്വെ നമ്പറുകളിൽ നിന്ന് ഏകദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ച പോളിസി പ്രകാരമുള്ള നഷ്ടപരിഹാരം യഥാസമയം പദ്ധതി ബാധിതർക്ക് നൽകുക.
- .പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- നിർദിഷ്ട നഷ്ടപരിഹാര നടപടികൾ കാലതാമസം കൂടാതെ നടപ്പിലാക്കുക

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഉം ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O(MS)No.485/2015/RD പ്രകാരമുള്ള നടപടി ക്രമങ്ങൾ വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള അധിക ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

കേരള സംസ്ഥാനത് ഭൂമി ഏറ്റെടുക്കുന്നതിനു ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O(MS)No.485/2015/RD 29/12/2017 29/12/2017 തീയ്യതിയിലെ GO (MS) No.448/2017/RD പ്രകാരവും നഷ്ടപരിഹാരവും പുനഃരധിവാസ പാക്കേജും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പ്രകാരം ഭൂവുടമയ്ക്ക് നൽകേണ്ടതാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രതീക്ഷിത ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പദ്ധതി രൂപരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയ കമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരം പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെടുന്ന കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1ലെ 4/5 റീസർവ്വെ നമ്പറിൽ നിന്ന് ഏകദേശം 0.0152 ഹെക്ടർ ഭൂമി വലിയ കടമക്കുടി –ചാത്തനാട് പാലത്തിന്റെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

### പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ, വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമയെ ബോധ്യപ്പെടുത്തൽ |
| 4 | കെട്ടിടം ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 8 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം നഷ്ടമാകാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാര സ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 10 | പദ്ധതിനിർമ്മാണഘട്ടത്തിൽ പാടങ്ങൾ മലിനപ്പെടുന്നതിനും പ്രദേശത്ത് വെള്ളക്കെട്ടിനുമുള്ളസാധ്യത | പ്രദേശത്തിന്റെ പ്രത്യേകതകൾ പഠിച്ച് പാടങ്ങളിലേക്ക് മാലിന്യങ്ങൾ ഒഴുകിയെത്താതിരിക്കുന്നതിനും വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുന്നതിനും വേണ്ട ശാസ്ത്രീയനടപടികൾ പദ്ധതി നിർമ്മാണത്തിനു മുൻപേ ആസൂത്രണം ചെയ്യുക | | പദ്ധതി പ്രദേശത്തെ കൃഷിയിടങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്തൽ |

| | | | | |
|---|---|---|---|---|
| 9 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർ ജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ശാസ്ത്രീയമായും സമയാധിഷ്ടിതമായ മാലിന്യ നിർമ്മാർ ജനംആസൂത്രണം ചെയ്ത് നടപ്പിലാക്കുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ഭംഗം നേരിടാത്ത വിധത്തിലുള്ള പദ്ധത് നിർവ്വഹണം |

**7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

**8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ടസ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബത്തിനുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. വലിയ കടമക്കുടി -ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് വികസന പദ്ധതിക്കു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1ലെ 4/5 റീസർവ്വെ നമ്പറിൽ നിന്ന് ഏകദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച്. നമ്പർ 3, വൈറ്റില ആണ്

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

**1.** ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

**2.**പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടൂന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൻെറ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതന് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത കുടുംബത്തോട്

വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു.കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിൻെറ സാമൂഹ്യ സേവന വിഭാഗമായ രാജഗിരി ഔട്ട്റീച്ചിനെ വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് വികസന പദ്ധതിക്കു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1ലെ 4/5 റീസർവ്വെ നമ്പറിൽ നിന്ന് ഏകദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 സെപ്റ്റംബർ മാസം 20 തീയതിയിലെ 3366 നമ്പർ വിജ്ഞാപനത്തിലൂടെ എറണാകുളം ജില്ലാകളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം സമയക്രമമനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തണം.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതലഘൂകരണപദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസന പദ്ധതിക്കു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ലെ 4/5 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.0152 ഹെക്ടർ ഭൂമിയാണ് ഏറ്റെടു ക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്നത് ഒരു കുടുംബത്തിൻെറ ഉടമസ്ഥതയിലുള്ള പുരയിടമാണ്. ആയതിനാൽ ഭൂമി വിലയും, ഉടമയ്ക്ക് ഉണ്ടാകുവാനിടയുള്ള ആസ്തികളുടെ നഷ്ടം, വരുമാന നഷ്ടം എന്നിവ നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരം തീരുമാനിക്കുകയും ചെയ്യും.

വലിയ കടമക്കുടി–ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നിർമ്മാണ ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്ന 52,000,000/– രൂപയും ഭൂമി ഏറ്റെടുക്കുന്നതിനായി കണക്കാക്കപ്പെട്ടിരിക്കുന്ന രൂപയും ഉൾപ്പടെ 18.02.2021 തീയതിയിൽ സർക്കാർ ഉത്തരവ് GO(Rt) No.493/2021/8LSGD പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക ജിഡയുടെ സ്വന്തം ഫണ്ടിൽ നിന്ന് ചെലവഴിക്കണമെന്നും ടി ഉത്തരവിൽ പറയുന്നു. പദ്ധതിനിർവ്വഹണ ഏജൻസിയുടെ പേരിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 19/06/2021 തീയതിയിലെ സർക്കാർ ഉത്തരവും (G.O.(Rt)No.1178/2021/LSGD) നിലവിലുണ്ട്.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും :** ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച് :** ബാധകമല്ല

# അദ്ധ്യായം 10

## സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- ഭൂമിയേറ്റെടുക്കൽ നടപടികൾ സമയാധിഷ്ടിതമായി നടപ്പിലാക്കൽ
- പ്രദേശത്തെ പാടങ്ങളുടെ സംരക്ഷണം
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

### 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് .റോഡ് വികസന പദ്ധതിക്കു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ലെ 4/5 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ) എറണാകുളം പദ്ധതിയുടെ പുനരധിവാസ– പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), എൻ.എച്ച്.നമ്പർ 3, വൈറ്റില ആണ്.

### 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 11
# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

കൊച്ചി നഗരത്തോട് ഏറ്റവും അടുത്ത് കിടക്കുന്നു എങ്കിലും സമീപകാലം വരെ ഒറ്റപ്പെട്ട അവസ്ഥയിലായിരുന്നു കടമക്കുടി പഞ്ചായത്തിലെ ദ്വീപുകൾ. വലിയ കടമക്കുടി –ചാത്തനാട് പാലം നിർമ്മിച്ചു എങ്കിലും പ്രസ്തുത പാലം ചെന്നു ചേരുന്ന പാലത്തിന്റെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡിന് വാഹന ഗതാഗതത്തിന് അനുയോജ്യമായ വീതിയില്ല. ആയതിനാൽ വലിയ കടമക്കുടി –ചാത്തനാട് പാലത്തിന്റെ കടമക്കുടി ഭാഗ ത്തുള്ള അപ്രോച്ച് റോഡിനു ഇടതു വശത്തായി പ്രധാന അപ്രോച്ച് റോഡ് വരെ 30 മീറ്റർ നീളത്തിൽ 7 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നിലവിലെ അധിക ഭൂമി ഏറ്റെടുക്കൽ.

കടമക്കുടി ദ്വീപിനെ നഗരവുമായി മികവുറ്റ രീതിയിലുള്ള ബന്ധപ്പെടൽ സാധ്യമാ കുകയും വിനോദ സഞ്ചാര സാധ്യതകൾ മെച്ചപ്പെടുകയും പ്രദേശത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്യും.

വലിയ കടമക്കുടി –ചാത്തനാട് പാലത്തിന്റെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസന പദ്ധതിക്കു വേണ്ടി ഏകദേശം 0.0152 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്ന ത്. ടി ഭൂമി ഒരു കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് മനസിലാക്കുന്നു. ഈ ഭൂവുടമയുടെ ഭൂമി ഇതിനു മുമ്പ് രണ്ടു ഘട്ടങ്ങളായി വലിയ കടമക്കുടി –ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിനായി ഏറ്റെടുത്തിട്ടുണ്ട്. ആയതിനാൽ പദ്ധതി മൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള ദൂരവ്യാപകമായ പ്രയോജനങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി ബാധിത കുടുംബത്തിന് പദ്ധതിയോട് അനുകൂല മനോഭാവമാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

വലിയ കടമക്കുടി –ചാത്തനാട് പാലത്തിൻെറ  കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡ് വികസന പദ്ധതിക്കു വേണ്ടി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1ലെ 4/5 റീസർവ്വെ നമ്പറുകളിൽ പെട്ട ഏകദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം ഒരു കുടുംബത്തിന് വസ്തുവിൻെറയും ആസ്തികളുടെയും അളവിൽ കുറവ് വരുന്നതിനും വരുമാനത്തിൽ കുറവ് വരുന്നതിനും കാരണമാകുന്നുണ്ട് എങ്കിലും പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് പദ്ധതി വഴിതെളിക്കും എന്നതിനാൽ പദ്ധതി ബാധിത കുടുംബത്തിന് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടു ക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ പോളിസി (ഉത്തരവ് നമ്പർ G.O(MS)No. 485/ 2015/RD) പ്രകാരവും പദ്ധതി ബാധിത കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബത്തിന് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബത്തിന് നിയമാനുസൃതമായ നഷ്ടപരിഹാരം യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട കടമക്കുടി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ലെ ഏക ദേശം 0.0152 ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള കുടുംബത്തിന് തങ്ങളുടെ വസ്തുവക കളിലേക്ക് പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേ ശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ് നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

# സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. 2025 സെപ്റ്റംബർ 19 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1457 ൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2025 ജനുവരി 6 തീയതി യിലെ വിജ്ഞാപനം നമ്പർ C4-2596/21/DCEKM.
5. ഗോശ്രീ ഐലൻറ്സ് ഡെവലപ്പ്മെൻറ് അതോറിറ്റി, എറണാകുളം കാര്യാലയത്തിൽ നിന്നും ലഭ്യമായ വിശദമായ പദ്ധതി രേഖ